**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4771** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | 1) ധനകാര്യ പരിശോധന (എൻ.റ്റി-എ)വകുപ്പ് നടത്തിയ പരിശോധനയിൽ മത്സ്യബന്ധന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ നിലനിർത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ 1,06,67,250/- രൂപയും ട്രഷറി അക്കൗണ്ടിൽ തിരിച്ചറിയാൻ സാധിക്കാത്തതായി 17,45,31,044/- രൂപയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത ദുരിതാശ്വാസ നിധിയുടെ ബാക്കി തുകയിനത്തിൽ സബ് ഓഫീസുകളിൽ നിന്ന് സറണ്ടർ ചെയ്ത 12,63,52,494/- രൂപയും ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. പ്രസ്തുത തുകകൾ സർക്കാരിൽ തിരിച്ചടയ്ക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.<br><br>ഫിഷറീസ് ഡയറക്ടേറ്റിൽ നിലവിലുള്ള STSB- 701011400000189 നമ്പർ അക്കൗണ്ടിൽ ആകെ നീക്കിയിരിപ്പുള്ള 31,80,68,784/- രൂപയിൽ 17,45,31,044/- രൂപ ഏതാവശ്യത്തിന് നിക്ഷേപിച്ചു എന്നത് ഫയലുകളും അക്കൗണ്ടുകളും പരിശോധിച്ചതിൻ പ്രകാരം ടി തുകകൾ ഏതൊക്കെ ആവശ്യത്തിന് നിക്ഷേപിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ തിരിച്ചടക്കുന്നതിനുയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം CMDRF ഇനത്തിൽ 8,34,89,000/- ഉൾപ്പെടെ ആകെ |

| | | | | |
|---|---|---|---|---|
| | | | | 10,60,26,527/- രൂപ സർക്കാരിലേയ്ക്ക് ഫിഷറീസ് ഡയറക്ടർ തിരിച്ചടച്ച വിവരം അറിയിച്ചിട്ടുണ്ട്.<br><br>2) ധനകാര്യ പരിശോധന (എൻ.റ്റി-ജി) വകു നടത്തിയ പരിശോധനയിലെ കണ്ടെത്തലുകളും അതിന്മേൽ നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.<br><br>I) കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹന ദുരുപയോഗം സംബന്ധിച്ച് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി. യിൽ നിന്നും ആകെ 53,040/- രൂപ ഈടാക്കുന്നതിന് പുറമെ അദ്ദേഹത്തിനെതിരെ ഉചിതമായ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്.<br><br>ii) സർക്കാർ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും മറ്റും ധനകാര്യ ഐ.ടി വിഭാഗം രൂപകൽപ്പന ചെയ്ത 'വീൽസ്' (വെഹിക്കിൾ മാനേജ്മെന്റ് ആൻഡ് ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം) ഡാറ്റാബേസിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഔദ്യോഗിക വാഹനത്തിന്റെ വിവരങ്ങൾ കാലികമാക്കാതെ വീഴ്ച വരുത്തിയ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സതീശൻ പി.വി.ക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിയ്ക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്<br><br>ധനകാര്യ (എൻ റ്റി എ) വകുപ്പിന്റെ മേൽ ശിപാർശ സംബന്ധിച്ച വിഷയത്തിന്മേൽ സർക്കാർ നടപടി ചുവടെ ചേർക്കുന്നു.<br><br>കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.സതീശൻ പി.വി.യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷ നൽകുന്നതിനുള്ള അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നതിന്റെ ഭാഗമായി കുറ്റാരോപണ |

പത്രിക, കുറ്റാരോപണ മെമ്മോ എന്നിവ 30/11/2023-ന് നൽകുകയുണ്ടായി. സർക്കാരിനു നഷ്ടമായ 53,040/- രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഫിഷറീസ് ഡയറക്ടേറ്റിൽ നിന്ന് 15/10/2024-ലെ ശ്രീ.സതീശൻ പി.വി.യ്ക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൻ തുക ഒടുക്കിയിട്ടില്ല. 16/10/2024- തീയതി രേഖപ്പെടുത്തിയിട്ടുള്ള മറുപടിയിൽ പ്രതിവാദപത്രിക സമർപ്പിച്ചിരുന്നുവെന്നു അവകാശപ്പെടുന്നുവെങ്കിലും ആയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

iii) ഭൂരഹിതരും ഭവനരഹിതരായവരുമായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിനാണ് സർക്കാർ ധനസഹായം നൽകുന്നത് എന്നു മാത്രമേ 18.08.2016 ലെ 525/2016/മ.തു.വ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളൂ. ഒന്നിലധികം ഗുണഭോക്താക്കൾക്ക് ഒരേ സ്ഥലത്ത് വസ്തു വിഭജിച്ച് നൽകേണ്ടിവരുന്ന സന്ദർഭങ്ങളിൽ റോഡ് സൗകര്യം കൂടി ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. റോഡ് സൗകര്യം ഏർപ്പെടുത്തുന്ന വിഷയം സംബന്ധിച്ച് സർക്കാർ ഉത്തരവിൽ പരാമർശങ്ങളില്ല എന്നതിനാൽ സംസ്ഥാനത്തെ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും നിർമ്മാണത്തിനും ധനസഹായം നൽകുന്ന BIF-HDF പദ്ധതിയിലെ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 07.12.2016 തീയതിയിലെ സ.ഉ. (സാധാ) നം. 875/2016/മ.തു.വ നമ്പർ സർക്കാർ ഉത്തരവിൽ റോഡ് സൗകര്യം ആവശ്യമായി വരുന്ന ഗുണഭോക്താക്കൾക്ക് റോഡ് സൗകര്യം ഉൾപ്പെടെ 3 സെന്റ് ഭൂമി അനുവദിക്കുന്നതാണെന്ന കൃത്യമായ നിർദ്ദേശം ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കേണ്ടതാണെന്ന് ധനകാര്യ(എൻറ്റിഎ) വകുപ്പ് ശിപാർശ ചെയ്തു.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിയ്ക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റിത്താമസിപ്പിയ്ക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പിൽ നിലവിലുള്ളത്. മറ്റ് ഭവന പദ്ധതികൾ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭാവിയിൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ധനകാര്യവകുപ്പ് അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലെ മേൽ നിർദ്ദേശത്തിൽ പ്രതിപാദിച്ച പോലെ റോഡ് സൗകര്യം ആവശ്യമായി വരുന്ന ഗുണഭോക്താക്കൾക്ക് റോഡ് സൗകര്യം ഉൾപ്പെടെ 3 സെന്റ് ഭൂമി അനുവദിയ്ക്കുന്നതാണെന്ന കൃത്യമായ നിർദ്ദേശ മാർഗ്ഗനിർദ്ദേശത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

iv) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് വസ്തു വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2017 മുതൽ വസ്തു ലഭിച്ച ഗുണഭോക്താക്കൾ സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 12 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പലിശ സഹിതം ഭവന നിർമ്മാണത്തിനായി ലഭിച്ച തുക തിരിച്ചടയ്ക്കേണ്ടതാണെന്നും ഗുണഭോക്താക്കളുടെ ഭവനത്തിന്റെ 10% എങ്കിലും ഫിഷറീസ് ജില്ലാ ഓഫീസർ നേരിട്ട് അന്വേഷണം നടത്തേണ്ടതുമാണെന്നും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ കാസർഗോഡ് ജില്ലയിൽ പാലിക്കപ്പെട്ടിട്ടില്ല. ഭരണവകുപ്പ് ഈ വിഷയത്തിന്മേൽ ഉചിതനടപടി സ്വീകരിയ്ക്കുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിന്മേൽ കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

v) കുഫോസിൽ (KUFOS) 9,87,35,240/- രൂപയുടെ സ്ഥിരം നിക്ഷേപത്തിന് നിലവിൽ SBI നൽകിക്കൊണ്ടിരിക്കുന്ന പലിശ നിരക്ക് (6.8%) ട്രഷറി പലിശ നിരക്കിനേക്കാൾ (7.50) കുറവാണെന്ന് കണ്ടെത്തി. ടി തുക കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറിയിലേയ്ക്ക് മാറ്റി

| | | | |
|---|---|---|---|
| | | | നിക്ഷേപിയ്ക്കുന്നതിനും നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.<br><br>ധനകാര്യ(എൻറ്റിഎ) വകുപ്പിന്റെ മേൽ ശിപാർശയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ കുഫോസ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഉണ്ടായിരുന്നോ; എങ്കിൽ അതിന്മേൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യഫെഡിൽ 3 ധനകാര്യ പരിശോധനകൾ നടത്തിയിട്ടുണ്ട്<br><br>1. കൊല്ലം ജില്ലയിലെ കോമൺ പ്രീ പ്രാസസിംഗ് സെന്ററിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ധനകാര്യ (പരിശോധന എൻ.റ്റി.ഇ) വകുപ്പ് നടത്തിയ പരിശോധന റിപ്പോർട്ടിന്മേൽ മത്സ്യഫെഡും വകുപ്പും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>2. മത്സ്യഫെഡ് മുഖേനയുള്ള സബ്സിഡി മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയിട്ടുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>3. മത്സ്യഫെഡിന്റെ ലാഭം/തനത് ഫണ്ട് എന്നിവ ട്രഷറി നിക്ഷേപങ്ങളാക്കി മാറ്റണമെന്നത് സംബന്ധിച്ചും ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. ആയതു പ്രകാരം ലഭ്യമാക്കിയ അന്വേഷണ കുറിപ്പ് 1,2 എന്നിവയ്ക്ക് നൽകിയിട്ടുള്ള മറുപടി അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**കൊല്ലം ജില്ലയിലെ കോമൺ പ്രീ പ്രോസസിംഗ് സെന്ററിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ധനകാര്യ (പരിശോധന എൻ.റ്റി.ഇ) വകുപ്പ് നടത്തിയ പരിശോധന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ**

| ശിപാർശ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | മത്സ്യഫെഡിന്റെ അംഗീകരിക്കപ്പെട്ട ബൈലോയുടെ ഖണ്ഡിക - 25 പ്രകാരം സ്വതന്ത്രവും, യുക്തവുമായ ഒരു ആഭ്യന്തര ആഡിറ്റ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കൃത്യമായി ആഭ്യന്തര ആഡിറ്റ് നടത്തിയിരുന്നെങ്കിൽ യഥാസമയം തന്നെ സാമ്പത്തിക ക്രമക്കേട് കണ്ടെത്താമായിരുന്നു. മത്സ്യഫെഡിന്റെ യൂണിറ്റുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സമകാലീന ആഡിറ്റിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ മത്സ്യഫെഡിന്റെ ആഭ്യന്തര ആഡിറ്റ് സംവിധാനം ശക്തമാക്കുന്ന നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഈ വിഷയം ധനകാര്യ പരിശോധന വിഭാഗം അമ്പലപ്പുഴ വ്യാസാസ്റ്റോറിലെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നെങ്കിലും നാളിതു വരെ നടപടി സ്വീകരിച്ച് അറിയിച്ചിട്ടില്ല. ആയതിനാൽ ഇത്തരം ക്രമക്കേട് ഒഴിവാക്കുന്നതിന് മത്സ്യഫെഡിന് കാര്യക്ഷമമായ ആഭ്യന്തര ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി അടിയന്തിരമായി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്. | ആഭ്യന്തര ആഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ കുറവുള്ളതിനാൽ കേരള പ്രൊഡക്ടിവിറ്റി കൗൺസിൽ അംഗീകരിച്ച തസ്തികകളിൽ ഉൾപ്പെട്ട 8 അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലേയ്ക്ക് CA/CMA Intermediate യോഗ്യതയുള്ളവരെ താത്കാലികമായി നിയോഗിക്കുന്നതിനായി മത്സ്യഫെഡ് നൽകിയ അപേക്ഷ പ്രകാരം 5 അക്കൗണ്ട്സ് ഓഫീസർ തസ്തികകൾക്ക് താത്കാലിക അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.<br><br>2024-25 വർഷം മുതൽ ആന്തരിക ആഡിറ്റ് നടത്തുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ പാനൽ സഹകരണ ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. 2024-25 ആഡിറ്റ് കുറ്റമറ്റതാക്കുന്നതിനുവേണ്ടി നിലവിൽ മത്സ്യഫെഡിൽ ജോലി ചെയ്തു വരുന്ന മാനേജർ (ഫിനാൻസ്) , അസിസ്റ്റന്റ് മാനേജർ (ഫിനാൻസ്) , അക്കൗണ്ട്സ് ഓഫീസർമാർ, അക്കൗണ്ടന്റുമാർ എന്നിവർക്ക് നിലവിലുള്ള ജോലികൾക്ക് പുറമെ അധിക ചുമതലയായി ഇന്റേണൽ ആഡിറ്റ് ജോലികൾ കൂടി നല്കിക്കൊണ്ട് 27.01.2025-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീം ജോലി ആരംഭിച്ചിട്ടുണ്ട്. |
| 2 | മത്സ്യഫെഡിന്റേതുൾപ്പെടെയുള്ള എല്ലാ അപെക്സ് സൊസൈറ്റിയുടേയും കൺകറന്റ് ആഡിറ്റ് നിർവ്വഹിക്കുന്നത് സഹകരണ വകുപ്പിൽ നിന്നും നിയോഗിക്കുന്ന കൺകറന്റ് ആഡിറ്റേഴ്സാണ്. ഇപ്രകാരം ആഡിറ്റ് സമകാലീനമായി നിർവ്വഹിച്ച് സാമ്പത്തിക പ്രവർത്തനങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമാണ് പ്രസ്തുത കൺകറന്റ് ആഡിറ്റ് ലക്ഷ്യമിടുന്നത്. എന്നാൽ കൃത്യമായി കൺകറന്റ് ആഡിറ്റ് | മത്സ്യഫെഡിന്റെ കൺകറന്റ് ആഡിറ്റ് നിർവ്വഹിക്കുന്നതിന് സഹകരണ ആഡിറ്റ് വകുപ്പിലെ ഒരു അസി. ഡയറക്ടർ (ആഡിറ്റ്)ന്റെ നേതൃത്വത്തിൽ 8 സമകാലീന ആഡിറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ആഡിറ്റ് ജോലികൾ 2023-24 വരെ പൂർത്തീകരിച്ചിട്ടുണ്ട്. സമകാലീന ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ |

| | | |
|---|---|---|
| | നടത്തിയിരുന്നെങ്കിൽ യഥാസമയം തന്നെ സാമ്പത്തിക ക്രമക്കേട് കണ്ടെത്താമായിരുന്നു. മത്സ്യഫെഡിന്റെ യൂണിറ്റുകളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് കൺകറന്റ് ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇത്തരം ക്രമക്കേട് ഒഴിവാക്കുന്നതിന് മത്സ്യഫെഡിൽ കാര്യക്ഷമമായി കൺകറന്റ് ആഡിറ്റ് നടക്കുന്നുവെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. | സ്വീകരിച്ചിട്ടുണ്ടെന്ന് മത്സ്യഫെഡ് എം.ഡിഅറിയിച്ചിട്ടുണ്ട്.<br>2024-25 വർഷം മുതൽ ഫിനാൻഷ്യൽ ആഡിറ്റ് നടത്തുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയോഗിക്കുന്നതിന് സഹകരണ ആഡിറ്റ് ഡയറക്ടർ അനുവാദം നൽകിയിട്ടുണ്ടെന്നും സഹകരണ ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പാനലിൽ നിന്നും ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് കമ്പനിയെ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇതോടൊപ്പം നിലവിലുള്ള സമകാലീന ആഡിറ്റർമാരുടെ സേവനം ഭരണ ആഡിറ്റ് (Administrative audit) നിർവ്വഹിക്കുന്നതിനായി ആഡിറ്റ് ഡയറക്ടറുടെ അനുവാദത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മത്സ്യഫെഡ് എം.ഡി അറിയിച്ചിട്ടുണ്ട്. |
| 3 | മത്സ്യഫെഡ് കോമൺ പ്രീ പ്രോസസിംഗ് സെന്ററിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കാവനാട് പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത ക്രൈം നമ്പർ 406/2022 പ്രകാരം പ്രാഥമിക അന്വേഷണം നടത്തി കേസ് ക്രൈംബ്രാഞ്ചിനും, തുടർന്ന് വിജിലൻസ് വിഭാഗത്തിനും കൈമാറിയിട്ടുള്ളതായി മത്സ്യഫെഡ് ധനകാര്യ പരിശോധന വിഭാഗത്തെ അറിയിച്ചിട്ടുണ്ട്. വി.സി 02/2023/കെ.എൽ.എം നമ്പറായി 23/03/2023 ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്യുകയും നിലവിൽ കേസ് അന്വേഷണം പുരോഗമിച്ചു വരുന്നതായും ധനകാര്യ പരിശോധന വിഭാഗത്തിനു ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നടന്നു വരുന്ന വിജിലൻസ് അന്വേഷണത്തിനു വിധേയമായി കുറ്റക്കാരനെന്നു കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ മത്സ്യഫെഡ് കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | മത്സ്യഫെഡിന്റെ കോമൺ പ്രീ-പ്രോസസ്സിംഗ് സെൻ്ററിൽ 2018 മുതൽ 2021 വരെ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ 8-ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി യൂണിറ്റിലെ സ്ഥിരം ജീവനക്കാരായ ശ്രീമതി. ലിസ്സി അഗസ്റ്റിൻ, മാനേജർ, ശ്രീ. കെ. അനിമോൻ, ജൂനിയർ അസിസ്റ്റന്റ് എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ശ്രീമതി. ലിസി അഗസ്റ്റിൻ, മാനേജർ സസ്പെൻഷൻ കാലയളവിൽ 31-07-2022-ന് സർവ്വീസിൽ നിന്നും വിരമിച്ചു. ശ്രീ. കെ. അനിമോൻ, ജൂനിയർ അസിസ്റ്റന്റ് ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP (C) No. 30182/2023 കേസ് ഫയൽ ചെയ്യുകയും, 12-10-2023-ലെ ബഹു. കേരള ഹൈക്കോടതി വിധി ന്യായത്തിൽ ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി യാനെ ധനപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാത്ത വിഭാഗത്തിൽപ്പെട്ട ജോലികൾക്കായി മത്സ്യഫെഡിന്റെ കാസറഗോഡ് ജില്ലാ ഓഫീസിൽ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. ക്രമക്കേട് കണ്ടെത്തുന്ന സമയം ചുമതലയിൽ ഉണ്ടായിരുന്ന ഡോ. നൗഷാദ്, മാനേജരോട് വിശദീകരണം തേടുകയും, ടിയാൻ നൽകിയിട്ടുള്ള വിശദീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | താൽക്കാലിക ജീവനക്കാരായിരുന്ന ശ്രീ. മഹേഷ്,ശ്രീ. സഞ്ജയ്ഖാൻ, ഡെവലപ്പ്മെന്റ് ഓഫീസർ, ശ്രീ. മണിയപ്പൻ, സ്പെഷ്യൽ ഓഫീസർ, അക്കൌണ്ടന്റ്, ശ്രീമതി. നീതു, പ്രോജക്ട് ഓഫീസർ, ശ്രീ. അനീഷ് പ്രോജക്ട് ഓഫീസർ എന്നിവരെ മത്സ്യഫെഡ് സേവനത്തിൽ നിന്നും പിരിച്ചുവിടുകയുണ്ടായി. |
| 4 | കേരള സഹകരണ സംഘം നിയമം 1969 വകുപ്പ് 65 പ്രകാരം സി.പി.പി.സി. യിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ആഡിറ്റ് നടത്തുന്നതിന് 06/12/2022-ലെ DFTVM/1481/22-F3 പ്രകാരം ഉത്തരവായ അന്വേഷണത്തിൽ ഖണ്ഡിക 2.6.1 ലെ പട്ടികയിൽ പ്രതിപാദിക്കുന്ന ജീവനക്കാരുടെ പങ്കു കൂടി ആഡിറ്റിനു വിധേയമാക്കേണ്ടതും പ്രസ്തുത ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിച്ച് ഉത്തരവാദികളെന്നു കണ്ടെത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും മത്സ്യഫെഡിനു നഷ്ടമായ തുക (നിലവിൽ നഷ്ടമെന്നു കണ്ടെത്തിയ 97,82,130/- രൂപ (തൊണ്ണൂറ്റേഴ് ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഒരുനൂറ്റി മുപ്പത് രൂപ മാത്രം) ഉൾപ്പെടെ സഹകരണ നിയമത്തിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. | മത്സ്യഫെഡ് സി.പി. പി. സി. യിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നിലവിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരികയാണെങ്കിലും ഫിഷറീസ് വകുപ്പ് സമാന്തരമായി, സാമ്പത്തിക ക്രമക്കേട് നടത്തിയവരുടെ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തി ലഭ്യമാക്കുന്നതിന് 1969 -ലെ കേരള സഹകരണ സംഘം നിയമത്തിലെ 6 5 ആം വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നതിന് കൊല്ലം ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാറെ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. പരിശോധനയ്ക്കാവശ്യമായ ചില ഫയലുകൾ വിജിലൻസിന്റെ കൈവശമുള്ളത് ലഭ്യമാകാത്തത് കാരണമായതിനാലാണ് അന്വേഷണ റിപ്പോർട്ട് വൈകുന്നതെന്ന് കൊല്ലം ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.<br><br>എന്നിരുന്നാലും അന്വേഷണം അവസാന ഘട്ടത്തിലാണെന്നും റിപ്പോർട്ട് ഉടനടി ലഭ്യമാക്കുമെന്നും അന്വേഷണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. |
| 5 | മത്സ്യഫെഡിൽ ഉപയോഗിച്ചു വന്നിരുന്ന അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ ടാലി സോഫ്റ്റ് വെയറിലെ പോരായ്മകൾ മുതലെടുത്ത് വൻ തോതിൽ സാമ്പത്തിക ക്രമക്കേട് നടത്തിയതായി ധനകാര്യ പരിശോധന വിഭാഗത്തിനു പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ മത്സ്യഫെഡിനു കീഴിലുള്ള എല്ലാ യൂണിറ്റുകളിലുമുള്ള അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ അതാത് കാലയളവിൽ തന്നെ അപ്ഗ്രേഡ് ചെയ്യുന്നുണ്ടെന്നും ഡെയിലി കാഷ് ബുക്ക് ചട്ടപ്രകാരം പരിപാലിക്കപ്പെടുന്നുണ്ടെന്നും ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. | മത്സ്യഫെഡ് ഉപയോഗിച്ചു വരുന്ന അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ ടാലി സോഫ്റ്റ്വെയറിന്റെ ലൈസൻസ്, സോഫ്റ്റ് വെയർ Annual maintenance contract (AMC)എന്നിവ 2025-26 വർഷം വരെ പുതുക്കിയിട്ടുണ്ടെന്നും കൂടാതെ ടാലി അക്കൗണ്ടിംഗ് അഡ്മിൻ ഐ.ഡിയുടെ ഉപയോഗം സംബന്ധിച്ച കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മത്സ്യഫെഡ്എം.ഡിഅറിയിച്ചിട്ടുണ്ട്. |
| 6 | ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയിൽ പ്രതിദിനാടിസ്ഥാനത്തിൽ ശക്തികുളങ്ങര സി.പി.പി.സി. യിൽ 2,00,000/- രൂപയ്ക്ക് മത്സ്യം ലേല നടപടിക്രമങ്ങളിലൂടെ വാങ്ങാറുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രതിദിനാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്ന ഹാർബർ പർച്ചേസുകൾ നിലവിൽ നിർവ്വഹിക്കുന്നതു പ്രസ്തുത സ്ഥാപനത്തിലെ ഡ്രൈവറും ഒരു താല്ക്കാലിക ജീവനക്കാരനുമാണെന്ന് ധനകാര്യ പരിശോധന | ഹാർബറുകളിൽ നിന്നും ഗുണമേയുള്ള മത്സ്യം നേരിട്ട് സംഭരിക്കുന്നതിന് സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി 2 ലക്ഷം രൂപ വരെ പണമായി വിനിയോഗിച്ച് മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം വാങ്ങിക്കുന്നതിന് സി.പി.പി.സി. ക്ക് അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാരായ |

| | | |
|---|---|---|
| | വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം പ്രതിദിനാടിസ്ഥാനത്തൽ രണ്ട് ലക്ഷം രൂപയുടെ മത്സ്യസംഭരണം മതിയായ യോഗ്യതയോ ക്ഷമതയോ ഇല്ലാത്ത ജീവനക്കാരെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. അതിനാൽ പ്രസ്തുത ലേല നടപടികളിലൂടെ മത്സ്യം വാങ്ങുന്നതിനു മതിയായ ക്ഷമതയുള്ള സ്ഥിരം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി മത്സ്യഫെഡ് സ്വീകരിക്കേണ്ടതും അത് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതുമാണ്. | അക്കൗണ്ടന്റ്, ജൂനിയർ അസിസ്റ്റന്റ് എന്നിവരെ നിയോഗിച്ചിട്ടുമുണ്ട്. കൂടാതെ മത്സ്യത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഫിഷറീസ് സയൻസിൽ യോഗ്യതയുള്ള പ്രോജക്ട് ഓഫീസർമാരേയും നിയോഗിച്ചിട്ടുണ്ടെന്നും മത്സ്യഫെഡ് അറിയിച്ചിട്ടുണ്ട്. |
| 7 | മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളിൽ അതിന്റെ എല്ലാ ഓഫീസുകളേയും കോർത്തിണക്കി ഒരു കേന്ദ്രീകൃത റിയൽ ടൈം അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ മത്സ്യഫെഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കണക്കുകൾ തൽസമയം പരിശോധിക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ആഭ്യന്തര ആഡിറ്റ് വിഭാഗം, കൺകറന്റ് ആഡിറ്റേഴ്സ്, മറ്റ് ഏജൻസികൾ എന്നിവർക്ക് ആഡിറ്റ് ചുമതല നിർവഹിക്കുന്നതിനും ഉപകാരപ്രദമാകുമെന്നും ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്ത്വവും വർദ്ധിപ്പിക്കുമെന്നും ധനകാര്യ പരിശോധന വിഭാഗം വിലയിരുത്തുന്നു. കൂടാതെ മത്സ്യഫെഡിന്റെ പ്രസ്തുത സാമ്പത്തിക ഡാറ്റയിലേക്കുള്ള തത്സമയ ആക്സസ് തടയുന്നതിനും മത്സ്യഫെഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും കാരണമാകുന്നു. അതിനാൽ മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളിൽ അതിന്റെ എല്ലാ ഓഫീസുകളെയും കോർത്തിണക്കി ഒരു കേന്ദ്രീകൃത റിയൽ ടൈം അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ എർപ്പെടുത്തേണ്ടതിന്റെ സാദ്ധ്യത ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്. | മത്സ്യഫെഡിന്റെ എല്ലാ പ്രവർത്തനങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള ഒരു ടോട്ടൽ ഓട്ടോമേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനുള്ള System Requirement Study (SRS) കെൽട്രോൺ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മത്സ്യഫെഡിന്റെ ലോൺ സോഫ്റ്റ് വെയർ, മാനവശേഷി (HR) സോഫ്റ്റ് വെയർ, ഇൻവെന്ററി മാനേജ്മെന്റ് സോഫ്റ്റ് വെയർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ പ്രവർത്തനങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള ഒരു അക്കൗണ്ടിംഗ് സംവിധാനം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം മത്സ്യഫെഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

Aswathy ML

സെക്ഷൻ ഓഫീസർ

**മത്സ്യഫെഡ് മുഖേനയുള്ള സബ്സിഡി മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയിട്ടുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ**

| ശിപാർശ നം | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 3.1 | മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണയ്ക്ക് പകരമായുള്ള ലോ-അരോമാറ്റിക് വൈറ്റ് സ്പിരിറ്റിന്റെ നിയമ വിരുദ്ധ കച്ചവടം നിർത്തലാക്കുന്നതിനും ടി നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഏർപ്പെടുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും ഫിഷറീസ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് ജില്ലാ കളക്ടർ (റവന്യൂ വകുപ്പ്) പോലീസ് (അഭ്യന്തര വകുപ്പ്) എന്നിവർ സംയുക്തമായി നടപടി സ്വീകരിക്കുന്നതിനായി ഭരണ വകുപ്പ് അടിയന്തര നിർദ്ദേശം നൽകേണ്ടതാണ്. | ലോ ആരോമാറ്റിക് വൈറ്റ് സ്പിരിറ്റിന്റെ നിയമവിരുദ്ധ കച്ചവടത്തിനെതിരെ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സിവിൽ സപ്ലൈസ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർ (റവന്യൂ വകുപ്പ്) ജി.എസ്.ടി വകുപ്പ് എന്നിവർക്ക് മത്സ്യഫെഡ് മുഖാന്തിരം കത്ത് നൽകി തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| 3.2 | സംസ്ഥാന സർക്കാർ മത്സ്യബന്ധനയാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ പെർമിറ്റ് വിതരണം നടത്തുന്നത് ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നീ വകുപ്പുകൾ മൂന്ന് വർഷത്തിലൊരിക്കൽ സംയുക്തമായി നടത്തുന്ന ഏകദിന പരിശോധനയുടെ അടിസ്ഥാനത്തിലാണ്. മണ്ണെണ്ണ പെർമിറ്റ് വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകളുടെ സാധ്യത ഇല്ലാതാക്കുന്നതിനും വേണ്ടി മൂന്ന് വർഷം കൂടുമ്പോൾ ഫിഷറീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളും മത്സ്യഫെഡും സംയുക്തമായി നടത്തുന്ന ഏകദിന പരിശോധന പ്രതിവർഷം നടത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പുകളായ ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളും മത്സ്യഫെഡും സ്വീകരിക്കേണ്ടതാണ്. | മത്സ്യബന്ധനയാനങ്ങളുടെ സംയുക്ത പരിശോധന നടത്തുന്നത് മത്സ്യഫെഡ് ഫിഷറീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ ചേർന്നാണ് മണ്ണെണ്ണ പെർമിറ്റ് വിതരണം നടത്തുന്നതിനായുള്ള പ്രസ്തുത പരിശോധന പ്രതിവർഷം നടപ്പാക്കുന്നത് പരിശോധിച്ചുവരുന്നു. എന്നാൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾ ക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർദ്ധനയും പരിഗണിച്ച് മണ്ണെണ്ണയ്ക്ക് പകരം സമുദ്ര മലിനീകരണം കുറയ്ക്കുന്നതിനൊപ്പം, വർദ്ധിച്ച ഇന്ധനക്ഷമതയും പ്രവർത്തന ചെലവും കുറയുകയും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് വരുമാനം വർദ്ധിക്കുകയും ചെയ്യുന്നതിന് പെട്രോൾ, ഡീസൽ LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആധുനിക എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| 3.3 | മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകളിൽ നിന്ന് സ്ഥിരമായി മണ്ണെണ്ണ വാങ്ങാത്ത മത്സ്യത്തൊഴിലാളികളെ കണ്ടെത്തി അവരുടെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും അവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം തൃപ്തികരമല്ലാത്ത പക്ഷം അവരുടെ മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പായ | ഫിഷറീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളും മത്സ്യഫെഡും ചേർ ന്ന് നടത്തുന്ന സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണ ഭോക്താക്കൾ ക്ക് മണ്ണെണ്ണ പെർമിറ്റ് വിതരണം ചെയ്യുന്നത്. ധനകാര്യ പരിശോധന (എൻ ടി.കെ) വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണെണ്ണ വാങ്ങാത്ത മത്സ്യത്തൊഴിലാളികളെ കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധികരിച്ച പെർമിറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ |

| | | |
|---|---|---|
| | ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്. | സ്വീകരിക്കുന്നതിന് മത്സ്യ ഫെഡിന് ഫിഷറീസ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. |
| 3.4 | സബ്സിഡി മണ്ണെണ്ണ വിതരണത്തിന് ഇ-പോസ് മെഷീൻ നിർബന്ധമാക്കുക. ഇത് വഴി സബ്സിഡി മണ്ണെണ്ണ വിതരണം മണ്ണെണ്ണ പെർമിറ്റ് ഉടമകളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്താനും ഇടനിലക്കാരെ ഒഴിവാക്കാനും കഴിയും, ആയതിനുള്ള നടപടി ബന്ധപ്പെട്ട ഭരണവകുപ്പായ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ് | മത്സ്യഫെഡിന്റെ മണ്ണെണ്ണ പെർമിറ്റുള്ള ഉപഭോക്താക്കൾക്ക് മാത്രമേ നിലവിൽ മത്സ്യഫെഡിന്റെ ബങ്കുകളിൽ നിന്ന് മണ്ണെണ്ണ വിതരണം ചെയ്യുന്നുള്ളൂ. ധനകാര്യ പരിശോധന (എൻ.ടി.കെ) വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മത്സ്യഫെഡിന് ഫിഷറീസ് ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. |
| 3.5 | മത്സ്യത്തൊഴിലാളികളുടെ സൊസൈറ്റികൾ ശാക്തീകരിക്കുക, സൊസൈറ്റികളുടെ ശാക്തീകരണത്തിലൂടെ മണ്ണെണ്ണ വിതരണത്തിലെ അപാകതകളായ പെർമിറ്റുമായി വരുന്ന മണ്ണെണ്ണ പെർമിറ്റ് ഉടമകളല്ലാത്തവർക്കും മണ്ണെണ്ണ വിതരണം ചെയ്യൽ തുക പൂർണ്ണമായും അടച്ച് മണ്ണെണ്ണ വാങ്ങേണ്ടുന്ന സാഹചര്യം വായ്പ ലഭ്യതയ്ക്കുള്ള പ്രയാസം, മണ്ണെണ്ണ ബങ്കുകളുടെ എണ്ണക്കുറവ് മൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, മണ്ണെണ്ണ കൂടുതൽ അളവിൽ സ്റ്റോക്ക് ചെയ്യുന്നതിനുള്ള പ്രയാസം മുതലായവയ്ക്ക് ഒരു പരിധി വരെ മാറ്റമുണ്ടാകും | മത്സ്യത്തൊഴിലാളി സംഘങ്ങളുടെ ശാക്തീകരണത്തിന് മത്സ്യഫെഡ് പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന മുഖേന മത്സ്യസഹകരണസംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്ന പദ്ധതിയും മത്സ്യഫെഡ് നടപ്പാക്കുന്ന മത്സ്യ സഹകരണ സംഘം ശാക്തീകരണ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |
| 3.6 | മത്സ്യബന്ധനത്തിന് പോകാത്തവർക്കും പെർമിറ്റ് ഉടമകളല്ലാത്തവർക്കും മണ്ണെണ്ണ വിതരണം ചെയ്യുന്നത് അവസാനിപ്പിക്കാനുള്ള നടപടി ബന്ധപ്പെട്ട ഭരണവകുപ്പായ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്. | സിവിൽ സപ്ലൈസ്, ഫിഷറീസ് വകുപ്പ് മത്സ്യഫെഡ്-ലെ ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിക്കുന്നത്. മത്സ്യഫെഡിന്റെ മണ്ണെണ്ണ പെർമിറ്റ് ഉള്ളവർക്ക് മാത്രമാണ് നിലവിൽ മണ്ണെണ്ണ വിതരണം ചെയ്തു വരുന്നത്. |
| 3.7 | മണ്ണെണ്ണ പെർമിറ്റ് ഉടമകളുടെ (വള്ളം ഉടമകളുടെ) മത്സ്യബന്ധന പ്രവർത്തനങ്ങൾ സൊസൈറ്റികളുടെ നിരീക്ഷണത്തിലാക്കി മണ്ണെണ്ണ വിതരണം വള്ളം ഉടമകളുടെ മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് ആനുപാതികമാക്കുക. ഇതു വഴി സബ്സിഡി മണ്ണെണ്ണ വിതരണം മത്സ്യബന്ധനത്തിന് പോകുന്ന പെർമിറ്റ് ഉടമകളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള നടപടി ബന്ധപ്പെട്ട ഭരണവകുപ്പായ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്. | മത്സ്യബന്ധന പ്രവൃത്തികൾ ആധാരമാക്കിയാണ് (എഞ്ചിന്റെ കുതിര ശക്തിയ്ക്ക് അനുസരിച്ച്) മണ്ണെണ്ണയുടെ അളവ് നിശ്ചയിക്കുന്നത്. മത്സ്യബന്ധന പ്രവർത്തനങ്ങൾ ഒരു പരിധി വരെ സംഘങ്ങളുടെ നിരീക്ഷണത്തിലാണ് നടക്കുന്നത്. |
| 3.8 | സബ്സിഡി മണ്ണെണ്ണ കൈക്കലാക്കുന്ന ഇടനിലക്കാർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുന്നതിനു ഫിഷറീസ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് മത്സ്യഫെഡ്, ജില്ലാ കളക്ടർ (റവന്യൂ വകുപ്പ്) , പോലീസ് (ആഭ്യന്തര വകുപ്പ്) എന്നിവർ സംയുക്തമായി സ്വീകരിക്കേണ്ടതാണ്. | സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലുള്ള മണ്ണെണ്ണ പെർമിറ്റ് ഉള്ള ഉപഭോക്താക്കൾക്ക് മാത്രമാണ് നിലവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നത് |
| 3.9 | മത്സ്യബന്ധന സൊസൈറ്റികൾ | |

| | | |
|---|---|---|
| | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാര നിർദ്ദേശങ്ങൾ | |
| 1 | മത്സ്യഫെഡ് സബ്സിഡി മണ്ണെണ്ണ വിൽപ്പന മത്സ്യബന്ധന സൊസൈറ്റികൾ മുഖേനയാക്കുക. സബ്സിഡി മണ്ണെണ്ണ വിതരണത്തിന് ഇ-പോസ് മെഷീൻ നിർബന്ധമാക്കുക | നിലവിൽ മണ്ണെണ്ണ വിതരണം മത്സ്യഫെഡ് ബങ്കുകൾ വഴിയാണ് നടത്തി വരുന്നത്. മണ്ണെണ്ണ വില്പന മത്സ്യബന്ധന സൊസൈറ്റികൾ മുഖേനയാക്കുന്നതിന് കൂടുതൽ പരിശോധന ആവശ്യമാണ്. ധനകാര്യ പരിശോധന (എൻ.ടികെ) വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ മത്സ്യഫെഡിന് നിർദേശം നൽകിയിട്ടുണ്ട്. |
| 2 | മത്സ്യഫെഡ് മുഖേനയുള്ള മണ്ണെണ്ണ സബ്സിഡി വിതരണം സൊസൈറ്റികൾ മുഖാന്തിരമാക്കുക. സർക്കാർ സബ്സിഡി തുക സൊസൈറ്റികളുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും സൊസൈറ്റികൾ ടി തുക അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുവാനുമുള്ള നടപടികൾ സ്വീകരിക്കുക. അതോടൊപ്പം സൊസൈറ്റികൾ ടി തുക അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനുള്ള നടപടികൾ മത്സ്യഫെഡ് കൈക്കൊള്ളുക | സബ്സിഡി തുക നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് വിതരണം ചെയ്തുവരുന്നത്. |
| 3 | സൊസൈറ്റി മുഖാന്തിരമുള്ള മണ്ണെണ്ണ വിൽപ്പനയ്ക്ക് മത്സ്യഫെഡിനെ മോണിറ്ററിംഗ് ഏജൻസിയായി നിയോഗിക്കുക | മണ്ണെണ്ണ വിതരണം മത്സ്യഫെഡ് ബങ്കുകൾ വഴിയാണ് നടത്തി വരുന്നത്. മത്സ്യഫെഡ് ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം സബ്സിഡി തുക ഫിഷറീസ് ഡയറക്ടർ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നു. |
| 4 | മണ്ണെണ്ണ സുരക്ഷിതമായി സംഭരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കുക | മണ്ണെണ്ണ സുരക്ഷിതമായി സംഭരിക്കാൻ മത്സ്യഫെഡിന് സംവിധാനമുണ്ട് |
| 5 | പ്രസ്തുത ശിപാർശയിന്മേൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ വേണ്ടതിനാൽ ആയതിന് അനുസൃതമായി നടപടി ബന്ധപ്പെട്ട ഭരണവകുപ്പായ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ് | സബ്സിഡി തുക നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് വിതരണം ചെയ്തു വരുന്നതിനാൽ സൂചനയിലെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. |
| 3.10 ബി | കൊല്ലം മത്സ്യഫെഡ് ജില്ലാ ഓഫീസിലെ ദീപ്തി.എസ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, അനിൽകുമാർ എസ്, ഓപ്പറേറ്റർ ഗ്രേഡ് –II, ശ്രീദേവി അമ്മ, പി.ടി. സ്വീപ്പർ എന്നിവർക്ക് അറേഞ്ച്മെന്റ് നിയമനങ്ങൾ സർക്കാർ ഉത്തരവുകളുടെ ലംഘനമായതിനാൽ നിർത്തലാക്കാനുള്ള നടപടി ബന്ധപ്പെട്ട ഭരണവകുപ്പായ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്. | സൂചനയിലെ നിയമനങ്ങൾ റദ്ദാക്കിയിട്ടുണ്ട്. ശ്രീമതി ദീപ്തി.എസ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്-നെ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ 15.03.2024 ലെ മത്സ്യഫെഡ്/ഇ1/282/2021 നമ്പർ ഉത്തരവ് പ്രകാരം മത്സ്യഫെഡ് കൊല്ലം ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവായിരുന്നു. ശ്രീ അനിൽകുമാർ എസ്, ഓപ്പറേറ്റർ ഗ്രേഡ് – II, ശ്രീമതി ശ്രീദേവി അമ്മ, പി.ടി. സ്വീപ്പർ എന്നീ ജീവനക്കാരെ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ 14.03.2025 ലെ എംഫെഡ്/ഇ1 /282/2021 നമ്പർ ഉത്തരവ് പ്രകാരം വർക്ക് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് ടിയാന്മാരെ യഥാക്രമം മത്സ്യഫെഡ് നെറ്റ് ഫാക്ടറി, എറണാകുളത്തേയ്ക്കും, മത്സ്യഫെഡ് പ്രാൺ ഹാച്ചറി, തിരുമുല്ലാവാരം, കൊല്ലത്തിലേയ്ക്കും നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| 3.11 ബി | നിലവിലെ ഉദ്യോഗസ്ഥരുടെ | മത്സ്യഫെഡിലേക്ക് ആവശ്യമായ അധിക തസ്തികകൾ |

| | | |
|---|---|---|
| | എണ്ണം,ആവശ്യകത എന്നിവ സംബന്ധിച്ച് ഭരണവകുപ്പ് പഠനം നടത്തേണ്ടതും ഉചിതമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്. പ്രസ്തുത ശിപാർശയിന്മേൽ വേണ്ട നടപടി ബന്ധപ്പെട്ട ഭരണവകുപ്പായ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്. | സൃഷ്ടിക്കുന്നത് സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തുന്നതിന് സർക്കാരിന്റെ പല സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും വർക്ക് സ്റ്റഡി നടത്തി പരിചയം സിദ്ധിച്ചിട്ടുള്ള കേരള സംസ്ഥാന പ്രോഡക്ടിവിറ്റി കൌൺസിലിനെ ചുമതലപ്പെടുത്തുകയും അവർ വർക്ക് സ്റ്റഡിനടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് അക്കൗണ്ടബിലിറ്റിയും പ്രോഡക്ടിവിറ്റിയും ഉറപ്പുവരുത്തുന്നതിനാവശ്യമായ അത്യാവശ്യ തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതിനുള്ള വ്യക്തമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാർ മത്സ്യഫെഡിനോട് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം മത്സ്യഫെഡ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

Aswathy M

സെക്ഷൻ ഓഫീസർ

അനുബന്ധം 3

**മത്സ്യഫെഡിന്റെ ലാഭം/തനത് ഫണ്ട് എന്നിവ ട്രഷറി നിക്ഷേപങ്ങളാക്കി മാറ്റണമെന്നത് സംബന്ധിച്ചും ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. ആയതു പ്രകാരം ലഭ്യമാക്കിയ അന്വേഷണ കുറിപ്പ് 1, 2 എന്നിവയ്ക്ക് നൽകിയിട്ടുള്ള മറുപടി**

പൊതുമേഖല സ്ഥാപനങ്ങളുടെ ബാങ്ക് നിക്ഷപവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട് തുടർ നടപടി എടുക്കുന്നതിനായി നിർദ്ദേശം നൽകികൊണ്ട് മത്സ്യ ഫെഡിന് നൽകിയിരുന്നു. ആയതിൻ പ്രകാരം മത്സ്യ ഫെഡിന്റെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് 20.01.2025 ലെ മത്സ്യഫെഡ് ഭരണ സമിതി യോഗത്തിൽ ചുവടെ പറയും പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്ന വിവരം മത്സ്യ ഫെഡ് അറിയിച്ചിട്ടുണ്ട്.

2025 മാർച്ച് മാസം ദേശീയ കോർപ്പറേഷനുകൾക്കുള്ള തിരിച്ചടവ് നൽകുവാനുള്ള തുക കരുതിയ ശേഷം 2 കോടി രൂപ ട്രഷറി നിക്ഷേപം നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ആയതു പ്രകാരം തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഇതിനായി ഒരു ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കുകയും 2 കോടി രൂപ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

| ശിപാർശ നം | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | മത്സ്യഫെഡിന്റെ ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള പ്ലഡ്ജ് ചെയ്യാത്ത സ്ഥിരനിക്ഷേപങ്ങൾ ഉയർന്ന പലിശനിരക്ക് ലഭ്യമാകുന്ന തരത്തിൽ ട്രഷറിയിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം മാറ്റപ്പെട്ടിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുക. | നിലവിൽ പ്ലഡ്ജ് ചെയ്യാത്ത സ്ഥിരനിക്ഷേപങ്ങൾ എല്ലാ ബാങ്കുകളിലും കൂടി നിക്ഷേപിച്ചിരിക്കുന്നത് 2 5 . 7 കോടി രൂപയാണ്. 31/03/2025- ന് മുമ്പ് ദേശീയ കോർപ്പറേഷനുകളിലേക്കുള്ള തിരിച്ചടവായി ഏകദേശം 15 കോടി രൂപയും സ്റ്റാറ്റ്യൂട്ടറി റിസർവ്വായി 2 കോടി രൂപയും കഴിച്ചാൽ ബാക്കി വരുന്നത് 8.7 കോടി രൂപയാണ്. ട്രഷറി നിക്ഷേപത്തിന്റെ പലിശ നിരക്ക് നിലവിലുള്ള നിക്ഷേപത്തിനേക്കാൾ കൂടുതലായി കാണുന്ന പക്ഷം ബാക്കി നിൽക്കുന്ന തുക ട്രഷറി നിക്ഷേപം നടത്തുന്നതാണ്. |
| 2 | നിലവിൽ ബാങ്കുകളിലെ കറന്റ് അക്കൗണ്ട്/സേവിംഗ്സ് അക്കൗണ്ട് എന്നിവയിൽ നിക്ഷേപിച്ചിരിക്കുന്ന തുകയുടെ 80% ഹ്രസ്വകാല ട്രഷറി സ്ഥിരനിക്ഷേപമായി മാറ്റുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം മാറ്റിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുക. | നിലവിലുള്ള കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നും 2 കോടി രൂപ ട്രഷറി നിക്ഷേപമായി മാറ്റിയിട്ടുണ്ട്. |
| 3 | മേൽ സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന് തടസ്സമായ കാര്യങ്ങൾ വ്യക്തമാക്കുക. | മത്സ്യഫെഡിന്റെ വാണിജ്യ സ്ഥാപനങ്ങൾക്കും, ജില്ലാ ഓഫീസുകൾക്കും ആവശ്യമായ പ്രവർത്തന മൂലധനം, ശമ്പള വിതരണത്തിനുള്ള ഫണ്ട് എന്നിവ നൽകുന്നത് കേന്ദ്ര ഓഫീസിൽ നിന്നുമാണ്. മത്സ്യഫെഡിന്റെ വായ്പകളുടെ തിരിച്ചടവ് മാർച്ച് മാസം അവസാനം അടയ്ക്കുവാൻ തുക നിലനിർത്തേണ്ടതുണ്ട്. എന്നിരുന്നാലും 01/03/2025 —ൽ ചേർന്ന മത്സ്യഫെഡ് ഭരണസമിതി യോഗത്തിൽ ധനകാര്യ പരിശോധനാവിഭാഗത്തിന്റെ ശുപാർശകളനുസരിച്ച് മത്സ്യഫെഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ ട്രഷറി നിക്ഷേപം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഒരു വർഷ |

| | | |
|---|---|---|
| | | കാലയളവിലേക്ക് ട്രഷറിയിൽ നടത്തിയ നിക്ഷേപത്തിൽ നിന്നും ലഭിക്കുന്നത് 6 % പലിശ നിരക്കാണ്. കേരള ബാങ്ക് ഉൾപ്പെടെയുള്ള മറ്റു ബാങ്കുകളിൽ നിലവിൽ 6 % ന് മുകളിൽ പലിശ നിരക്കിൽ നിക്ഷേപിച്ചിരിക്കുന്ന തുക പിൻവലിച്ച് ട്രഷറി നിക്ഷേപം നടത്തുമ്പോൾ മത്സ്യഫെഡിന് പലിശ നഷ്ടം ഉണ്ടാകുന്നതാണെന്നും മത്സ്യഫെഡ് അറിയിച്ചിട്ടുണ്ട്. |

**മത്സ്യഫെഡിന്റെ 2024 സെപ്റ്റംബറിന് ശേഷം ആരംഭിച്ച/പുതുക്കിയ സ്ഥിരനിക്ഷേപങ്ങളുടെ (പ്ലഡ്ജ് ചെയ്യാത്തവ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (As on 28/02/2025)**

| Sl.No. | Account No. | Name of Bank | SB/Current Account Balance as on 28.02.2025 | Purpose /Type of fund | Remarks |
|---|---|---|---|---|---|
| 1 | 2906105002425 | Canara Bank, Manacaud branch | 1,23,57,254.79 | Routine Transportation | |
| 2 | 2906201000095 | Canara Bank Manacaud Branch | 3,15,675.91 | Monthly EPF/ESI Remittance | |
| 3 | 0799012700001120 | District Treasury, Trivandrum | 95,91,711.00 | Government Scheme Fund | Scheme Fund of "Conversion of crafts with Kerosene Engine to Petrol Engine" and "Interest Subvention of Fishermen |
| 4 | 701011400000250 | District Treasury, Trivandrum | 360.00 | Government Scheme Fund | |
| 5 | 799010100423034 | District Treasury, Trivandrum | 2,00,00,000.00 | FD creation in Treasury | FD credited for Rs.2 Crore on 05.03.2025 |
| 6 | 5020003407661 | HDFC, Pattoor Branch | 25,102.44 | Online Marketing | |
| 7 | 1328104000026132 | IDBI Bank, Manacaud Branch | 12,32,093.37 | Kerosene Subsidy Release & Routine Transaction | VISIL-Subsidy to Fishermen |
| 8 | 1328104000060987 | IDBI Bank, Manacaud Branch | 2,07,415.00 | Bank Interest | |
| 9 | 1328103000000037 | IDBI Bank, Manacaud Branch | 15,27,184.24 | LC | LC availing |
| 10 | 110112801000793 | Kerala Bank Head office Branch | 28,68,930.00 | FD & SB Interest | |
| 11 | 67089605280 | State Bank of India, Manacaud Branch | 1,13,12,242.05 | Online Statutory Payments | EPF, GST, TDS etc |
| 12 | 67265280975 | State Bank of India, Manacaud Branch | 24,41,990.00 | Tender Fee & EMD | |
| 13 | 0721053000000212 | South Indian Bank, Trivandrum Corporate Branch | 4,80,246.00 | Bank Interest | |
| 14 | 106012002000128 | Kerala Bank, Nanthancode Branch | 85,57,824.14 | FD & SB Interest | Under process for Treasury FD |
| TOTAL | | | 7,09,18,028.94 | | |

അന്വേഷണ കുറിപ്പ് (2) സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

<u>ത്സ്യഫെഡിന്റെ നിലവിലെ ബാങ്ക് കറന്റ് അക്കൗണ്ട്/സേവിംഗ്സ് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്ന പ്രൊഫോർമയിൽ ലഭ്യമാക്കിയിരിക്കുന്നു.</u>

**<u>(After Sep.2024)</u>**

| Sl.No | FD No. | Name of Bank | FD Amount | Date of Maturity | Remarks |
|---|---|---|---|---|---|
| 1 | 130045617034/7 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 2 | 130045617034/8 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 3 | 130045617034/9 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 4 | 130045617034/10 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 5 | 130047137919/1 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 6 | 130047137919/2 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 7 | 130047137919/3 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| 8 | 130047923399/1 | Canara Bank, Manacaud Branch | 1,00,00,000.00 | 25-03-2025 | Quarterly repayment of NBCFDC/NMDFC |
| | | Total | 8,00,00,000.00 | | |

Aswathy M

സെക്ഷൻ ഓഫീസർ